**കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ അനുഭവങ്ങളെ പഠിച്ച് വിലയിരുത്താനായി നിയമിച്ച ഡോ. എം. എ ഉമ്മന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ചൂണ്ടിക്കാണിച്ച ആസൂത്രണ പ്രവർത്തനങ്ങളുടെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

**അഡ്വ. കെ.പി. രവിപ്രകാശ്**

# രാഷ്ട്രീയ പാർട്ടികളുടെ വികസന മാനിഫെസ്റ്റോ

കഴിഞ്ഞ 10– 15 വർഷക്കാലത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളുടെ പോരായ്മകളാണ് ഡോ. എം. എ ഉമ്മന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇതൊക്കെ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒട്ടേറെ നിർദ്ദേശങ്ങളും കമ്മറ്റി മുന്നോട്ടുവെച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണ രംഗത്ത് പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം മേൽപറഞ്ഞ പ്രശ്നങ്ങളും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും അറിയാവുന്നതുമാണ്. പക്ഷേ പരിഹാര കർമ്മങ്ങൾ നടക്കുന്നില്ല എന്നു മാത്രം. എന്തുകൊണ്ട് നടക്കുന്നില്ല എന്ന് പരിശോധിക്കപ്പെടേണ്ട കാലമാണ് ഈ തെരഞ്ഞെടുപ്പുകാലം. പ്രശ്നങ്ങളധികവും പ്രാദേശിക സ്വഭാവം ഉള്ളതു തന്നെയാണ്. ഒരു നല്ല പ്രാദേശിക ഗവൺമെന്റിന് ജനപങ്കാളിത്തത്തോടെ മേൽ പറഞ്ഞ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാനും തങ്ങൾക്കുമുകളിലുള്ളവരെകൊണ്ട് പ്രശ്നപരിഹാരം നേടാൻ സമ്മർദ്ദം ചെലുത്താനും കഴിയും.

രാഷ്ട്രീയകക്ഷികൾ പ്രാദേശിക വികസന ചർച്ചകൾക്ക് പ്രാമുഖ്യം നൽകണം. ഗ്രാമപഞ്ചായത്തും ബ്ലോക്കുപഞ്ചായത്തും ജില്ലാപഞ്ചായത്തും പ്രത്യേകം പ്രത്യേകം വികസന മാനിഫെസ്റ്റോ ജനങ്ങൾക്കുമുമ്പാകെ അവതരിപ്പിക്കണം. അതിൽ താഴെ പറയുന്ന ഭാഗങ്ങൾ ഉണ്ടാകണം.

1. ഗ്രാമസഭകൾ ജനാധിപത്യത്തിന്റെ ആണിക്കല്ലാണ്. ഗ്രാമസഭകളെടുക്കുന്ന തീരുമാനങ്ങൾ ആണ് പഞ്ചായത്തിൽ നടപ്പിലാക്കേണ്ടത്. ആ സാഹചര്യത്തിൽ തങ്ങളുടെ പഞ്ചായത്തുകളിലെ ഗ്രാമസഭകളുടെ സ്ഥിതി എന്തായിരുന്നു, എന്തുകൊണ്ടാണ് ഗ്രാമസഭകളിൽ പങ്കാളിത്തം കുറഞ്ഞുപോയത്. വിശദമായ വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പഞ്ചായത്തിലെ ഗ്രാമസഭകളെ ശക്തിപ്പെടുത്താനുള്ള പരിപാടികൾ എന്തൊക്കെയാണ് ബഹുഭൂരിപക്ഷം പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള എന്തു പരിപാടികളാണ് തങ്ങൾക്ക് മുന്നോട്ടുവെയ്ക്കാനുള്ളത്.

2. കഴിഞ്ഞ 5 വർഷത്തെ പഞ്ചായത്തിന്റെ വികസന അനുഭവം എന്താണ്. കാർഷികരംഗത്ത് എത്ര ഉൽപാദനം വർധിപ്പിക്കാൻ കഴിയും. പഞ്ചായത്തുതലത്തിൽ കാർഷിക വികസനത്തിനുവേണ്ടി എല്ലാ സർക്കാർ സ്രോതസ്സുകളിലൂടെയുംകൂടി ചെലവഴിച്ച തുക എത്രയാണ്. എത്ര പേർക്ക് ഇതിന്റെ ഗു

ണം ലഭിച്ചു. എത്ര ഭൂമി കൃഷിക്ക് ഉപയുക്തമാക്കി. ഇതിന്റെ നേട്ടകോട്ടങ്ങൾ, നേരിട്ട വെല്ലുവിളികൾ എന്തെല്ലാമാണ്. ജനപങ്കാളിത്തം – സഹകരണം ഏതു രീതിയിൽ ആയിരുന്നു. ഇനി മുന്നോട്ടുള്ള 5 വർഷക്കാലത്ത് പഞ്ചായത്തിന്റെ സമഗ്ര കാർഷിക വികസനത്തിന് തങ്ങളുടെ കക്ഷി മുന്നോട്ടുവെയ്ക്കുന്ന പരിപാടികൾ എന്തെല്ലാമാണ്. ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തിക്കൊണ്ടുള്ള എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിക്കാനുള്ളത്.

**ഗ്രാമസഭകൾ ജനാധിപത്യത്തിന്റെ ആണിക്കല്ലാണ്. ഗ്രാമസഭകളെടുക്കുന്ന തീരുമാനങ്ങളാണ് പഞ്ചായത്തിൽ നടപ്പിലാക്കേണ്ടത്. ആ സാഹചര്യത്തിൽ തങ്ങളുടെ പഞ്ചായത്തുകളിലെ ഗ്രാമസഭകളുടെ സ്ഥിതി എന്തായിരുന്നു, എന്തുകൊണ്ടാണ് ഗ്രാമസഭകളിൽ പങ്കാളിത്തം കുറഞ്ഞുപോയത്. വിശദമായ വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പഞ്ചായത്തിലെ ഗ്രാമസഭകളെ ശക്തിപ്പെടുത്താനുള്ള പരിപാടികൾ എന്തൊക്കെയാണ് ബഹുഭൂരിപക്ഷം പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള എന്തു പരിപാടികളാണ് തങ്ങൾക്ക് മുന്നോട്ടുവെയ്ക്കാനുള്ളത് എന്നീ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടണം**

3. കാർഷികാനുബന്ധ മേഖലകളായ മൃഗപരിപാലനം, മൽസ്യ വികസനം, മണ്ണ് – ജലസംരക്ഷണം എന്നീ മേഖലകളിലെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നേട്ടകോട്ടങ്ങളും നേരിട്ട വെല്ലുവിളികളും എന്തൊക്കെയായിരുന്നു. വിശദമായ വിലയിരുത്തലിനോടൊപ്പം തങ്ങളുടെ കക്ഷി അടുത്ത അഞ്ച് വർഷത്തിൽ ചെയ്യാൻ പോകുന്ന പ്രവർത്തനങ്ങളും പരിപാടികളും എന്തെല്ലാമാണ്.

4. വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ ചെലവഴിക്കപ്പെട്ട തുക എത്രയാണ്. വിദ്യാഭ്യാസരംഗത്തെ ഗുണപരവും ഗണപരവുമായ നേട്ടങ്ങൾ എന്തെല്ലാം. പഞ്ചായത്തിലെ പ്ലസ്ടു വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തെ ഒന്നായി കണ്ടുകൊണ്ട് നിലനിൽക്കുന്ന പോരായ്മകളും പരിമിതികളും വിലയിരുത്തി ഒരു സമഗ്ര വിദ്യാഭ്യാസപദ്ധതി എന്ന നിലയിൽ മുന്നോട്ടുവെയ്ക്കാനുള്ളത് എന്തെല്ലാമാണ്.

5. പൊതുജനാരോഗ്യം,ശുചിത്വം,പരിസരശുചീകരണം എന്നീ രംഗങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് നടപ്പാക്കിയ പദ്ധതികളുടെ ക്രിയാത്മകമായ വിലയിരുത്തൽ. അടുത്ത അഞ്ച് വർഷക്കാലത്ത് പൊതുജനാരോഗ്യ സംരക്ഷണത്തിന് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, വ്യക്തി ശുചിത്വവും, പരിസരശുചിത്വവും മെച്ചപ്പെടുത്താൻ നിർദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം.

6. പട്ടിക ജാതി പട്ടികവർഗ്ഗം, മൽസ്യബന്ധനവുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർ തുടങ്ങിയ അവശത അനുഭവിക്കുന്ന വിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിഞ്ഞ 5 വർഷക്കാലത്ത് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്. അതിന്റെ നേട്ടകോട്ടങ്ങളെന്തെല്ലാം. അവരുടെ ഇപ്പോഴത്തെ സ്റ്റാറ്റസ് റിപ്പോർട്ട് എന്താണ്? അവരുടെ ഉന്നമനത്തിനായി എന്തെല്ലാം പരിപാടികളാണ് മുന്നോട്ടു വെയ്ക്കാനുള്ളത്.

7. വനിതാഘടക പദ്ധതിക്കുവേണ്ടി കഴിഞ്ഞ അഞ്ച് വർഷം ചെലവഴിച്ച തുക എത്രയാണ്. പഞ്ചായത്തിന്റെ ജന്റർ സ്റ്റാറ്റസ് എന്താണ്. സ്ത്രീ പദവി പഠനം, ജാഗ്രതാ സമിതികൾ സംബന്ധിച്ച പ്രവർത്തനങ്ങളും റിപ്പോർട്ടും എന്തെല്ലാമാണ്. അടുത്ത 5 വർഷം ഈ രംഗത്ത് പഞ്ചായത്തിൽ നടപ്പാക്കാൻ പോകുന്ന പരിപാടികൾ എന്തെല്ലാമാണ്.

8. തൊഴിൽ സംരക്ഷണരംഗത്തും പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിനും കഴിഞ്ഞ അഞ്ച് വർഷം പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളും പരിപാടികളും എന്തെല്ലാമാണ്. ഇനി അടുത്ത 5 വർഷം സൃഷ്ടിക്കാനുദ്ദേശിക്കുന്ന തൊഴിൽ ദിനങ്ങളും അതിനനുസരിച്ചുള്ള പദ്ധതികളെന്തെല്ലാമാണ്.

9. നീർത്തടാധിഷ്ടിത മാസ്റ്റർ പ്ലാൻ നിർമ്മാണം 9 – ാം പദ്ധതി മുതൽ ആരംഭിച്ചതാണ് എങ്കിലും N R E G A യുടെ നിബന്ധന വന്നതുകൊണ്ടു മാത്രമാണ് ഇപ്പോൾ പൂർത്തീകരിക്കാൻ പഞ്ചായത്തുകൾ തയ്യാറായിട്ടുള്ളത്. ഈ സാഹചര്യത്തിൽ അതതു പഞ്ചായത്തുകൾ അവരുടെ മാസ്റ്റർ പ്ലാൻ പൊതുജന ചർച്ചയ്ക്കായി വയ്ക്കണം. ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ചെറുരേഖയാക്കി ചർച്ചയ്ക്കുവെയ്ക്കുകയും രാഷ്ട്രീയ കക്ഷികൾ അതിന്റെ അടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾ മുന്നോട്ടുവെയ്ക്കുകയും വേണം.

10. പഞ്ചായത്തിൽ കുടിവെള്ളം എത്തിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇപ്പോഴത്തെ സ്റ്റാറ്റസ് റിപ്പോർട്ട് എന്താണ്. എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുന്നതിനുവേണ്ടി എന്തു പദ്ധതിയാണ് മുന്നോട്ടുവെയ്ക്കുന്നത്.

11. കഴിഞ്ഞ അഞ്ച് വർഷം എത്ര പാർപ്പിടങ്ങളാണ് പഞ്ചായത്ത് നിർമ്മിച്ച് നല്കിയതും ധനസഹായം നൽകിയതും. ഇഎംഎസ് പാർപ്പിട പദ്ധതി അവസാനിക്കുന്നതോടെ പഞ്ചായത്തിലെ മുഴുവൻ പേർക്കും പാർപ്പിടം ഉറപ്പാകുമോ. പഞ്ചായത്തിന്റെ പാർപ്പിട നയവും പദ്ധതിയും എന്താണ്.

12. ഊർജ്ജസംരക്ഷണ രംഗത്ത് എന്തെല്ലാം പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. വൈദ്യുതി എത്തിക്കുന്ന കാര്യത്തിൽ, സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്ന കാര്യത്തിൽ, വൈദ്യുതി ഉപഭോഗം കുറയ്ക്കുന്ന കാര്യത്തിൽ, പാചക ഇന്ധനങ്ങളുടെ കാര്യക്ഷമമായ ഉപഭോഗം

ഉറപ്പു വരുത്തുന്ന കാര്യത്തിൽ എന്തു നയവും പദ്ധതികളുമാണ് പഞ്ചായത്തിന് മുന്നോട്ടുവെയ്ക്കാനുള്ളത്.

13. റോഡിന്റെ വികസനം, റോഡിന്റെ ഉപയോഗം, സംരക്ഷണം എന്നീ രംഗങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലം എത്ര തുകയാണ് ചെലവഴിച്ചത്. റോഡിന്റെ വികസനം പ്രത്യേകിച്ച് റോഡുസംരക്ഷിക്കുന്ന കാര്യത്തിൽ എന്തു നയമാണ് പഞ്ചായത്തിനുള്ളത്. എന്തെല്ലാം തുടർപദ്ധതികളാണ് മുന്നോട്ടുവെയ്ക്കാനുള്ളത്.

14. കല, സംസ്കാരം, സ്പോർട്സ് എന്നീ രംഗങ്ങളിൽ പഞ്ചായത്തിന്റെ കഴിഞ്ഞകാല ഇടപെടലുകൾ എന്തൊക്കെയായിരുന്നു. എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്. ഈ രംഗത്തെ തങ്ങളുടെ പാർട്ടിയുടെ നയമെന്താണ്. എന്തൊക്കെ പദ്ധതികളും പരിപാടികളുമാണ് മുന്നോട്ടുവെയ്ക്കാനുള്ളത്.

15. ഭൂസംരക്ഷണരംഗത്ത് തങ്ങളുടെ നയമെന്താണ്. പഞ്ചായത്തിലെ നെൽവയലുകൾ ഇല്ലാതാകുന്നതും, കുന്നുകൾ ഇല്ലാതാകുന്നതും, കൃഷിഭൂമിയിൽ മാറ്റങ്ങൾ സംഭവിക്കുന്നതും, ഭൂകേന്ദ്രീകരണമുണ്ടാകുന്നതും, വിവിധഖനനങ്ങളെ സംബന്ധിച്ചും, ഭൂവിനിയോഗത്തെ സംബന്ധിച്ചും തങ്ങളുടെ അഭിപ്രായം എന്താണ്, നയമെന്താണ്.

16. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ബഡ്ജിറ്റന്മുന്നോടിയായി പുറത്തിറക്കുന്നതുപോലെ പഞ്ചായത്തുതല വാർഷിക സാമ്പത്തിക സർവ്വെ പുറത്തിറക്കുന്നത് സംബന്ധിച്ച് തങ്ങളുടെ കക്ഷിയുടെ നയമെന്താണ്. പഞ്ചായത്തിൽ സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തി അത് പുതുക്കുന്ന വിധത്തിൽ വാർഷിക സാമ്പത്തിക സർവ്വെ പുറത്തിറക്കുകയും അതനുസരിച്ചുള്ള വികസനപരിപാടിയെ കുറിച്ചുള്ള തങ്ങളുടെ അഭിപ്രായം എന്താണ്.

17. പഞ്ചായത്തിന്റെ തനത് വിഭവസമാഹരണം ശക്തിപ്പെടുത്താൻ കൈകൊണ്ട മാർഗങ്ങൾ എന്തെല്ലാം. കഴിഞ്ഞ 5 വർഷത്തെ ബഡ്ജറ്റഡ് വരവും ബഡ്ജറ്റഡ് ചെലവും എത്രയായിരുന്നു. യഥാർത്ഥ വരവും ചെലവും എത്രയായിരുന്നു. ഇവ തമ്മിലുള്ള വ്യത്യാസമെത്രയാണ്. കാരണങ്ങൾ എന്തെല്ലാമാണ്. കൃത്യമായ സാമ്പത്തിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ എന്തു നയവും നിർദ്ദേശവുമാണ് മുന്നോട്ടുവെയ്ക്കാനുള്ളത്.

18. പഞ്ചായത്തിന്റെ മനുഷ്യശേഷിയും വിഭവശേഷിയും എന്താണ്. പരിമിതികളുണ്ടെങ്കിലും മനുശേഷിയും വിഭവശേഷിയും പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശിക വികസനത്തെക്കുറിച്ച് തങ്ങളുടെ കാഴ്ചപ്പാടും കർമ്മപരിപാടിയും എന്താണ്.

19. പഞ്ചായത്തിന്റെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്. ഓഫീസ് സംവിധാനം കാര്യക്ഷമമാക്കാൻ എടുത്ത നടപടികൾ എന്തൊക്കെയാണ്. കാര്യക്ഷമമായ സേവന സംവിധാനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ പോകുന്നത്.

20. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ജില്ലാപഞ്ചായത്ത് തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക ഗവൺമെന്റുകളെന്ന നിലയ്ക്ക് സമഗ്രമായ രീതിയിൽ ഏതു തരത്തിലുള്ള വികസന കാഴ്ചപ്പാടാണ് മുന്നോട്ടുവെയ്ക്കാനുള്ളത്.

മേൽ പറഞ്ഞ കാര്യങ്ങൾ അടങ്ങുന്ന പ്രദേശിക വികസന മാനിഫെസ്റ്റോ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന രാഷ്ട്രീയ കക്ഷികളോ മുന്നണികളോ ഉണ്ടാക്കണം. ഓരോ മുന്നണിയും അവരുടെ വികസന മാനിഫെസ്റ്റോ അവരുടെ രാഷ്ട്രീയ നയത്തിനനുസരിച്ച് മുന്നോട്ടു വയ്ക്കണം. ഇത് കഴിയുന്നത്ര അച്ചടിച്ച് ജനങ്ങളുടെ കയ്യിലെത്തിക്കണം. ജനങ്ങൾ അതു വായിക്കട്ടെ തുടർന്ന് വിവിധ മുന്നണികൾ ഒന്നുചേർന്നോ ഒറ്റക്കൊറ്റക്കായോ വാർഡ് തലത്തിൽ ജനകീയ ഗ്രാമസഭകൾ വിളിച്ചു ചേർക്കണം. അതിൽ വെച്ച് മാനിഫെസ്റ്റോ അവതരിപ്പിക്കുകയും ഓരോ മുന്നണികളുംതങ്ങൾക്ക് മാനിഫെസ്റ്റോയിൻമേലുള്ള ഉത്തരവാദിത്വം ഉറപ്പാക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടക്കട്ടെ. അപ്പോഴേ തെരഞ്ഞെടുപ്പ് ജനാധിപത്യപരമാവൂ.ജനങ്ങൾ മാനിഫെസ്റ്റോ സൂക്ഷിച്ചു വയ്ക്കട്ടെ. തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിൽ വരുന്ന മുന്നണിയോട് ചോദ്യങ്ങൾ ചോദിക്കാൻ അവർക്കു കഴിയും. അതോടൊപ്പം ജനങ്ങൾക്ക് അവരുടെ ഉത്തരവാദിത്വവും ബോധ്യപ്പെടും. ഇത്തരത്തിൽ തെരഞ്ഞെടുത്തു വരുന്ന പ്രദേശിക ഗവൺമെന്റിന് ജനാധിപത്യവും സുതാര്യതയും ഉറപ്പു വരുത്തിക്കൊണ്ടുള്ള വികസനം സാധ്യമാക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.


**കേരളീയം**

## അടുത്തലക്കത്തിൽ

70 വർഷം മുമ്പ് സലീം അലി പക്ഷികളെ തേടിപോയ വഴിയിൽ ഇന്ന് അവശേഷിക്കുന്നതെന്ത്? സലീം അലിയുടെ പാതയിലൂടെ നടത്തിയ പക്ഷിനിരീക്ഷണാനുഭവങ്ങൾ എസ്. രാജു വിവരിക്കുന്നു

ഡോ. വി.എസ്. വിജയൻ ചെയർമാനായിരുന്ന കാലത്ത് സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിനുണ്ടായ നേട്ടങ്ങളും തിരിച്ചടികളും കേരളീയവുമായി അദ്ദേഹം പങ്കുവയ്ക്കുന്നു

ലാലൂർ മാതൃകാ പദ്ധതി പ്രായോഗിക ബുദ്ധിയില്ലാത്ത വെറും ആദർശപ്രസംഗം ലാലൂർ മാലിന്യ പ്രശ്നത്തിന് പരിഹാരമായി ഡോ. പത്തിയൂർ ഗോപിനാഥ് തയ്യാറാക്കി തൃശൂർ കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതിയെ മാലിന്യവിദഗ്ധൻ ഷിബു.കെ. നായർ വിമർശിക്കുന്നു